Education Committee.

*227. MR. ALEXANDER VAKAYIL: Will the Hon'ble Minister for Education be pleased to state:

(*a*) when was the Education Committee constituted, and

(*b*) how many meetings of this committee were held and what reforms were effected?

HON'BLE MR. N. KUNJURAMAN: (*a*) The Committee was constituted on 8th October 1948.

(*b*) Two meetings have been held so far. At the first meeting preliminary discussions were held as to the details of procedure to be adopted and a Sub Committee was appointed to prepare a questionnaire.

At the second meeting, the questionnaire drafted by the Sub-Committee was discussed and finalised and the details regarding the collection of data etc. were settled.

പബ്ലിക്കുസർവീസ് നിയമനം.

*225. MR. P. CHACKO (*Thiruvalla V—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) നിലവിലിരിക്കുന്ന പബ്ലിക്കുസർവ്വീസു നിയമനവ്യവസ്ഥ ഏതുവർഷത്തെ സെൻസസ്സ് ആസ്പദമാക്കിയാണ് ഉണ്ടാക്കിയിരിക്കുന്നത്?

(ബി) ക്രിസ്ത്യാനികൾക്ക് കഴിഞ്ഞ പത്തുവർഷത്തിനകം ഓരോ ഡിവിഷനിലും (ലോവർ, ഇന്റർമീഡിയറേ, ഹയർ) നൽകിയിട്ടുള്ള നിയമനങ്ങളുടെ വിശദമായ പട്ടിക മേശമേൽ വയ്ക്കാൻ ദയവുണ്ടാകുമോ?

(സി) ക്രിസ്ത്യാനികളെ സെൻസസ്സിൽ അരലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുണ്ടായിരുന്ന എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായി പബ്ലിക്കു സർവീസിൽ പ്രാധാന്യം അനുവദിച്ചിരിക്കെ ഏകദേശം രണ്ടുലക്ഷംവരുന്ന ചേരമർ ക്രിസ്ത്യാനികൾക്കും, ഒരുലക്ഷം വരുന്ന സാംബവർ ക്രിസ്ത്യാനികൾക്കും പ്രാധാന്യം അനുവദിക്കാതിരിക്കാൻ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

(ഡി) ചേരമർ, സാംബവർ, കുറവർ ക്രിസ്ത്യൻ സമുദായങ്ങളെ ഡിവിഷൻ തിരിച്ചു പബ്ലിക്കു സർവീസ് നിയമനം ജനസംഖ്യാനുപാതികമായി ലഭിക്കുന്നതിനു പ്രസ്തുത സമുദായങ്ങളുടെ സാമുദായിക

LIBRARY ARCHIVES Kerala Legislative Assembly

സംഘടനകളിൽനിന്നും ഗവണ്മെൻറിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നടപടികളും എന്തെല്ലാമെന്നു പറയുവാൻ മയവുണ്ടാകുമോ?

(ഇ) ഫൻ ർ ർ-മാർച്ചുമാസത്തിലെ ഗവണ്മെൻറു ഉത്തരവനുസരിച്ചു പബ്ളിക്കു സർവീസുകമ്മീഷനുകളുടെ പരിധിവിട്ടുള്ള ഗവണ്മെൻറു നിയമനങ്ങളിൽ ക്രിസ്ത്യാനികളെ തരം തിരിക്കുമ്പോൾ അവഗണനമുമായക്രിസ്ത്യൻ എന്നൊരു ഡിവിഷൻക്രമം ഉൾപ്പെടുത്തണമെന്നുള്ള ഉത്തരവു് അധാരമാക്കി പ്രസ്തുത ഡിവിഷനിൽ നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളും എത്രയെന്നു പറയുവാൻ മയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI :

(എ) ഫൻനു-ലെ സെൻസസ്.

(ബി) അതിനു് ആവശ്യമായ സ്ഥിതിവിവരകണക്കുകളും ഗവണ്മെൻറിൻെറ കൈവശമില്ല.

(സി) കാരോ സമുദായത്തിലെയും ഉദ്യോഗസ്ഥാനാർത്ഥികളെ അവരുടെ മതത്തിൻെറ അടിസ്ഥാനത്തിലാണു് പരിഗണിച്ചു വരുന്നതു്. അതായതു് പബ്ളിക് സർവീസ് റിക്രൂട്ടുമെൻറിൻെറ ആവശ്യത്തിലേയ്ക്കു് കരാർ ഏതെങ്കിലും ഒരു മതത്തിൽനിന്നു് മറെറാരു മതത്തിലേയ്ക്കു് മാറുകയാണെങ്കിൽ ഏതു മതത്തിലേയ്ക്കാണോ മാറിയതു് ആ മതം ആണു അടിസ്ഥാനമായി സ്വീകരിക്കുന്നതു്. ഇംഗ്ലീഷിൽ പറയുകയാണെങ്കിൽ "For purposes of recruitment, the community from which a candidate was converted is not taken into account and the converts to Christianity come under one or other of the seven recognised Christian sects".

(ഡി) ഉണ്ടു്. സമുദായങ്ങളെ അവരുടെ ജനസംഖ്യാനുപാതികമായ എണ്ണത്തേയും മതത്തേയും അടിസ്ഥാനപ്പെടുത്തിയാണു് സാധാരണ ഗണിച്ചുവരുന്നതു്. സാമ്പത്തികമായും സാമുദായികമായുമുള്ള പരിഗണനകളെക്കൂടി അടിസ്ഥാനമാക്കി സമുദായങ്ങളെ വീണ്ടുംവീണ്ടും വിഭജിക്കുകയെന്നുള്ളതു് പല കുഴപ്പങ്ങൾക്കും ഇടയാക്കുന്നതാണു്.

(ഇ) ഇതിൽ പറയുന്ന ജി. ഓ. ഏതാണെന്നു് ഗവണ്മെൻറിനു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

MR. P. T. CHACKO : സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ വിഗണിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള പബ്ളിക്കു് സർവീസു് നിയമനങ്ങളും ഭേദപ്പെടുത്തുന്നതിനു് മയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ഏതെങ്കിലും വിഭാഗത്തിന്റെ അവകാശങ്ങൾക്ക് ബാധകമാണെന്ന് ഗവണ്മെന്റിനു ബോദ്ധ്യപ്പെടുകയാണെങ്കിൽ ആ കാര്യം ആലോചിക്കുന്നതാണ്.

MR. U. K. VASUDEVAN ASARI : പബ്ലിക്ക് സർവീസ് കമ്മിഷണരുടെ നിയമനങ്ങളിൽ ഗവണ്മെന്റ് ഇടപെടാറുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല. അങ്ങനെ വിചാരിക്കുന്നതിന് മതിയായ കാരണങ്ങളൊന്നുമില്ല.

MR. P. T. CHACKO : ഫൻന്റ-ലെ സെൻസസ് അനുസരിച്ച് ചേരമർ ക്രിസ്ത്യാനികൾ എന്നൊരു വിഭാഗം ഉണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഫൻന്റ-ലെ സെൻസസ്സ് അനുസരിച്ചാണെങ്കിൽ, ഉണ്ട്.

MR. P. T. CHACKO : പിന്നീട് അങ്ങനെ ഒരു വിഭാഗം ഇല്ലാതായിത്തീർന്നതെന്നാണെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഫൻ൪ ഫ-ലെ സെൻസസിൽ അങ്ങനെ ഒരു വിഭാഗം ഉള്ളതായി കാണുന്നില്ല. അതുയേ പറയാൻ സാധിക്കൂ.

MR. P. T. CHACKO : ഫൻന്റ-ലെ സെൻസസിൽ ചേരമർ ക്രിസ്ത്യാനികളെന്നൊരു പ്രത്യേക വിഭാഗം ഉണ്ടായിരിക്കെ പിന്നത്തെ സെൻസസിൽ അതു ചേർക്കാതിരിക്കാൻ പ്രത്യേകം വല്ല കാരണവുമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : പ്രത്യേക കാരണമൊന്നുമില്ല. ഒന്നുകിൽ, അവർതന്നെ അങ്ങനെ വേണ്ടെന്നുപേക്ഷിച്ചിരിക്കണം. അല്ലെങ്കിൽ മറ്റു വല്ല കാരണവുമുണ്ടായിരുന്നിരിക്കാം.

MR. P. T. CHACKO : പിന്നോക്ക സമുദായത്തിലുള്ള ആളുകൾ മത പരിവർത്തനം ചെയ്യുമ്പോൾ അവരെ പിന്നോക്കസമുദായക്കാരായി കണക്കാക്കുമെന്ന് വല്ല നിയമവുമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ നിയമം ഇല്ല.

MR. P. T. CHACKO : ഫൻന്റ-ൽ പിന്നോക്കസമുദായക്കാരായിരുന്ന ചേരമക്കൾ, ഫൻ൪ ഫ-ൽ അവരെ പിന്നോക്കസമുദായക്കാരായി വകയുൾപ്പെടുത്തിയതുനിമിത്തം നഷ്ടമായിട്ടുള്ള അവകാശങ്ങൾ തിരിയെ ലഭിക്കുന്നതിനു വേണ്ട നടപടികൾ നടത്താമോ?

HON'BLE MR. T. K. NARAYANA PILLAI : ഇതേ സംബന്ധിച്ച് ക്ണപ്പമായി ഒന്നും പറയുവാൻ സാധിക്കുകയില്ല. ഫൻ൪ ഫ-ൽ എന്തു കാരണത്താലാണ് അങ്ങനെ വന്നിട്ടുള്ളതെന്ന് അന്വേഷണം നടത്തിയശേഷമേ പറയുവാൻ സാധിക്കുകയുള്ളൂ.

MR. S. KUTTEN (*Neyyattinkara I—General*) മത പരിവർത്തനത്തെ തടയാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

MR. PRESIDENT .That Question does not arise.

MR. U. K. VASUDEVAN ASARI : ഹിന്ദുക്കൾ മതപരിവർത്തനം ചെയ്യുന്നുണ്ടെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അറിഞ്ഞുകൂടാ.

MR. P. NANOO (*Chirayinkil II—General*) : ക്രിസ്ത്യാനികൾക്കു ജാതി ഉണ്ടോ?

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): ജാതിതിരിച്ചു കുഴപ്പങ്ങളുണ്ടാകുന്നുവെന്നു ആരോപണങ്ങളുള്ളതായിട്ടറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അറിവില്ല.

MR. K. N. SANKUNNI PILLAI (*Kottayam IV—General*) : കൂടുതൽ വിദ്വേഷങ്ങൾ ഉണ്ടാകുന്നതു് പൊതുനന്മയ്ക്കു് വിഘാതമല്ലേ?

HON'BLE MR. T. K. NARAYANA PILLAI: അതെ.

MR. PRESIDENT : That question is disallowed.

MR. V. GANGADHARAN NAIR (*Quilon III—General*) : മതപരിവർത്തനം പ്രോത്സാഹിപ്പിക്കുക എന്നതു് ഗവണ്മെൻറു് നയമാണോ?

MR. MYTHEEN KUNJU (*Karunagapalli II—Muslim*) : സർ, ഒരു പായിൻറു് ആഫ് ആർഡർ. സർ, പബ്ലിക്ക് സർവീസ് നിയമനമാണോ അതോ മതപരിവർത്തനമാണോ ചോദ്യവിഷയം.

HON'BLE MR. T. K. NARAYANA PILLAI: ഗവണ്മെൻറിനു മതപരിവർത്തനത്തെ പ്രോത്സാഹിപ്പിക്കണമെന്നു് ഉദ്ദേശമില്ല.

MR. T. T. KESAVAN SASTRI : ചേരമർ ക്രിസ്ത്യാനികളെ ഇന്നും പ്രത്യേകമായി പരിഗണിച്ചു പ്രാതിനിദ്ധ്യം കൊടുക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതാണു് ഞാൻ പറഞ്ഞതു്.

MR. T. T. KASAVAN SASTRI : പബ്ലിക്കു സർവീസു് കമ്മീഷൻ തയാറാക്കിയപ്പോൾ ചേരമർ ക്രിസ്ത്യാനികൾക്കു് പ്രത്യേക പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഫൻന്മ ൭-ലെ-അതായതു് ഫ ഫ ഫ ൦-ലെ പബ്ലിക്കു് സർവീസു് നിയമനം സംബന്ധിച്ചു ജി. ഒ. വായിക്കാമെന്നു വിചാരിക്കുന്നു.

"Communities whose population was approximately one lakh or less were alone recognised as 'Backward' communities for the purpose of recruitment in Public Service, the only exception being the 'Brahmin' community" ഇതനുസരിച്ചു് ബ്രാമിൻസ്സ് കമ്മ്യൂണിറ്റിയെ മാത്രം പ്രത്യേകം തിരിച്ചിട്ടുണ്ടു്, അവരുടെ സംഖ്യ വളരെ കുറവായതുകൊണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VERGHESE (*Thodupuzha I—General*) : ചേരമർ ക്രിസ്ത്യാനികൾക്ക് മുൻപു ലഭിച്ചുകൊണ്ടിരുന്ന സൗജന്യങ്ങൾ, ഫസ്റ്റ് ഫ-ലെ സെൻസസ്സിൽ അവരെ ചേരമർ ക്രിസ്ത്യാനികളായി ഉൾപ്പെടുത്താത്തതു നിമിത്തം, ഇപ്പോൾ ലഭിക്കുന്നില്ല എന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഓരോ ആളിന്റെ അഭിപ്രായത്തിനും ഗവണ്മെൻറിന് മറുപടി പറയുവാൻ സാധിക്കുകയില്ല. അതൊരഭിപ്രായം ആയിരിക്കാം. ഗവണ്മെൻറിന് അതിൽ കാര്യമില്ല.

MR. K. A. MATHEW : മതത്തെ അടിസ്ഥാനമാക്കിയാണോ സൗജന്യങ്ങൾ പിൻവലിക്കുന്നതു്?

HON'BLE MR. T. K. NARAYANA PILLAI : അല്ല, മറ്റു കാരണങ്ങളും ഉണ്ടായിരിക്കാം.

പ്ലേഗുനിരോധനകേന്ദ്രങ്ങൾ.

*229. MR. RAPHAEL J. RODRIGUEZ : *(Quilon IV—Latin Christian Reserved)* : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിൽ ഇപ്പോൾ എത്ര പ്ലേഗുനിരോധനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടു്?

(ബി) ഓരോ കേന്ദ്രത്തിലും ശരാശരി എത്രപേർ ജോലിചെയ്യുന്നുണ്ടു്? പ്രതിമാസം ശരാശരി ചെലവെത്ര?

(സി) ഓരോ കേന്ദ്രവും ദിവസംതോറും ശരാശരി എത്ര എലിയെ നശിപ്പിക്കുന്നുണ്ടു്?

HON'BLE MR. E. K. MADHAVAN :

(എ) തിരുവിതാംകൂറിൽ കൊല്ലം-ആലപ്പുഴ എന്നീ മുനിസിപ്പൽ കേന്ദ്രങ്ങളിലും ദേവികുളത്തും ഓരോ പ്ലേഗു നിവാരണകേന്ദ്രങ്ങൾ ഉണ്ടു.

(ബി) കൊല്ലത്തു് ൨൯ ആളുകളും ആലപ്പുഴെ ൨൫ ആളുകളും, ദേവികുളത്തു ൨൫ ആളുകളും ഈ ജോലി നോക്കുന്നുണ്ടു്. കൊല്ലത്തു് ഇതിനുവേണ്ടി ചെലവായതു് ൫,൯൦൦ രൂപയും, ആലപ്പുഴെ ൫൦൦൦ രൂപയും ദേവികുളത്തു ൫,൯൦൦ രൂപയും ആണു്.

(സി) ഓരോ കേന്ദ്രങ്ങളിലും യഥാക്രമം ൩൦ ൯൦ ൨൦ എലികളെ സംഹരിച്ചു കഴിഞ്ഞിട്ടുണ്ടു്.

MR. V. GANGADHARAN NAIR : ഈ കണക്കുകളെല്ലാം ശരിയാണോ എന്നു നോക്കുന്നതിനു വല്ല മാർഗ്ഗവും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly